G. O. No. V
3512
MUNAVVIRUL ISLAM HIGH SCHOOL
ERNAKULAM

# ബാലസാഹിത്യം



സോപാനം ൧൰൧

# ബാലശോകൻ

പി. രാമോദരൻ പിള്ള

1093

3572

MUNAVIRUL ISLAM SCHOOL
ERNAKULAM

# പ്രസ്താവന

ഇൻഡ്യയിലെ മിക്ക ഭാഷകളിലും 'ബാലസാഹിത്യം', 'സാമാന്യവിജ്ഞാനം' ഈ വകുപ്പുകളിൽ നല്ല ഗ്രന്ഥങ്ങൾ വളരെ കുറവാണു്. രാജ്യത്തിന്റെ ശ്രേയസ്സിനെ സാരമായി ബാധിക്കുന്ന ഒരു കുറവാണു് ഇതു്. അതുകൊണ്ടു് ഇൻഡ്യയുടെ ഡെവലപ്മെൻറു് പദ്ധതിയിൽ ഈ രണ്ടു് ഇനത്തിലും ധാരാളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു് ഒരു പരിപാടി ഉൾപ്പെടുത്തിയിട്ടുണ്ടു്.

കേന്ദ്രഗവണ്മെൻറിന്റെ സഹായത്തോടു കൂടി നമ്മുടെ സംസ്ഥാന ഗവണ്മെൻറു് ആ പരിപാടി അനുസരിച്ചു് അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുവാനുള്ള ഒരു വൻപിച്ച ശ്രമം ആരംഭിച്ചിരിക്കയാണു്. അതിന്റെ ആദ്യത്തെ ഫലങ്ങളാണു് ഈ ഗ്രന്ഥങ്ങൾ.

പ്രൈമറിസ്കൂളിലെ മൂന്നാം ക്ലാസുമുതൽ മിഡിൽ സ്കൂളിലെ മൂന്നാം ഫാറംവരെയുള്ള ആറു ക്ലാസുകളോടു ഇണങ്ങുന്ന ആറു സോപാനങ്ങളായിട്ടാണു് ബാലസാഹിത്യം ക്രമീകരിച്ചിരിക്കുന്നതു്. ഓരോ സോപാനത്തിലും വിവിധവിഷയങ്ങളെ അധികരിച്ചുള്ള അനേകം ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കും.

ആദ്യത്തെ അഞ്ചു സോപാനങ്ങളിലായി ഇരുപതു 'ബാലസാഹിത്യ' ഗ്രന്ഥങ്ങളും, 'സാമാന്യ വിജ്ഞാന'

ത്തിൽപെട്ട അഞ്ചു ഗ്രന്ഥങ്ങളും ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

കാഴ്ചയിലും കാര്യത്തിലും ഈ ഗ്രന്ഥങ്ങൾ ഉത്തമങ്ങളായിരിക്കണം എന്നാണു് ഉദ്ദേശ്യം. വളരെ ദ്രുതഗതിയിൽ തയ്യാർ ചെയ്യേണ്ടി വന്നതുകൊണ്ടു് ആ ഉദ്ദേശ്യം ഈ പ്രാവശ്യം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു നിശ്ചയമില്ല. എങ്കിലും ഗ്രന്ഥകാരന്മാരിൽ മിക്കവരും പേരുകേട്ട പണ്ഡിതന്മാരും സാഹിത്യകാരന്മാരും ആയതുകൊണ്ടു് വലിയ പോരായ്മകളൊന്നും വന്നിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

മലയാളക്കരയിലെ ബാലലോകവും ജനസാമാന്യവും ഈ ഗ്രന്ഥങ്ങൾ വേണ്ടതിൻവണ്ണം പ്രയോജനപ്പെടുത്തുന്നതിലേക്കു് ഗ്രന്ഥങ്ങളുടെ വില പരമാവധി കുറച്ചിരിക്കയാണു്. ഈ പ്രസിദ്ധീകരണംകൊണ്ടു് ഉദ്ദേശിക്കുന്ന ലാഭം രാജ്യത്തിനു് അതിൽനിന്നു് ഉണ്ടാകാവുന്ന പ്രയോജനം മാത്രമാണു്.

തിരുവനന്തപുരം,
1954 മാർച്ചു് 20.

വി. സുന്ദരരാജു് നായിഡു,
വിദ്യാഭ്യാസ ഡയറക്ടർ.

3572

# അശോകൻ


---

## I

## പ്രാരംഭം

ഇന്നു നാം അശോകചക്രം പലേടത്തും കാണുന്നുണ്ട്. നാണയങ്ങളും, സ്മാരകങ്ങളും, കവറുകളും, കാർഡുകളും, കൊടികളും മുതലായവയിൽ അതു എപ്പോഴും കണ്ടുവരുന്നു. ഇരുപത്തിനാലു അരക്കാലുകളും ഉള്ള ഒരു ചക്രം, അതിൻമീതേ മൂന്നു സിംഹാങ്ങളും — ഇതാണു അശോകചക്രത്തിന്റെ സ്വരൂപം.

അനേകം നൂറ്റാണ്ടുകൾക്കു മുൻപു് ഇന്ത്യാമഹാരാജ്യം ഭരിച്ചിരുന്ന ഒരു മഹാചക്രവർത്തിയാണു് അശോകൻ. ധർമ്മത്തിന്റെ അടയാളമായി അദ്ദേഹം ഈ ചക്രം ഏർപ്പെടുത്തിയതിനാൽ അതിനു അശോകചക്രം എന്നു പേരുണ്ടായി. ഏഴുവർഷംമുൻപു് ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകുകയും കാൺഗ്രസ്സ് കക്ഷി ഇന്ത്യയുടെ ഭരണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ, സ്വതന്ത്രഭാരതത്തിന്റെ അടയാളമെന്നനിലയിൽ പഴയ അശോകചക്രംതന്നെ വീണ്ടും ഏർപ്പെടുത്തി. നാണയങ്ങളും, സ്മാരകങ്ങളും തുടങ്ങിയവയിൽ ഇന്നു നാം അശോകചക്രം കാണാൻ കാരണമിതാണു്.



3512



ISLAM HIGH SCHOOL

ലോകത്തിൽ പല രാജ്യങ്ങളും ഉണ്ട്. പല മഹാചക്രവർത്തികളും അവ ഭരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ അശോകനെപ്പോലെ മഹാനായ ഒരു ചക്രവർത്തി ഒരുകാലത്തും ഒരിടത്തും ജീവിച്ചിരുന്നിട്ടില്ല. അദ്ദേഹത്തെപ്പോലെ ധമ്മം പുലർത്തിയ ഒരു ചക്രവർത്തി ഉണ്ടായിട്ടില്ല ഒരു പക്ഷെ ഇനി ഉണ്ടാകാനിടയുമില്ല. ഈ പരമാർത്ഥങ്ങൾ പരക്കെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരം സർവ്വത്ര ബഹുമാനം നേടിയ ഒരു ഇന്ത്യാചക്രവർത്തിയുടെ ഓർമ്മയെ നിലനിർത്താൻ ഇപ്പോഴത്തെ സ്വതന്ത്രഭാരതം അശോകചക്രത്തെത്തന്നെ സ്വന്തം അടയാളമാക്കിയതു ന്യായമാണ്. അശോകനെ മാതൃകയാക്കി, ധമ്മത്തെമുൻനിർത്തി ജീവിക്കാനുള്ള ആഗ്രഹംകൂടി ഭാരതം ആ പ്രവൃത്തികൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നു.

പക്ഷെ ഭാരതീയരായ നാം അശോകനെപ്പറ്റി ഒട്ടെങ്കിലും അറിയാതെ ഭാരതരാജ്യത്തിനു ആ മാതൃക മുൻനിർത്തി ജീവിക്കാനാവുകയില്ല. അശോകൻ എങ്ങനെ ജീവിച്ചു? എങ്ങനെ ഭരിച്ചു? അദ്ദേഹത്തിന്റെ ധമ്മം എന്തായിരുന്നു? ജീവികളുടെയെല്ലാം സുഖത്തിനുവേണ്ടി അദ്ദേഹം എന്തുചെയ്തു? ഇതൊക്കെ അറിയുമ്പോൾ മാത്രമേ നാം അദ്ദേഹവുമായി പരിചയപ്പെട്ട എന്നു വരികയുള്ളൂ. അതിനാൽ ആ മഹാപുരുഷനെ പരിചയപ്പെടാനാണ് ഇവിടെ നമ്മുടെ ഉദ്യമം.



# II

# വിനോദരസികൻ

കാലം രണ്ടായിരത്തിലധികം വർഷത്തിനുമുമ്പാണ്. തെന്നിന്ത്യയൊഴിച്ച് ബാക്കിയുള്ള ഇന്ത്യമുഴുവൻ മൗര്യവംശത്തിന്റെ ഭരണത്തിൻകീഴിലായിരിക്കുന്നു. ചന്ദ്രഗുപ്തമൗര്യൻ സ്ഥാപിച്ച രാജവംശമാണ് മൗര്യവംശം. വടക്കുപടിഞ്ഞാറൻ ഇന്ത്യയുടെ വെളിയിലുള്ള ചിലവൻപിച്ച പ്രദേശങ്ങളൊഴിക്കെ മുഴുവൻ മൗര്യസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. അന്നത്തെ ലോകത്തിൽ അതിനേക്കാൾ വലിയ ഒരു സാമ്രാജ്യം ഇല്ലായിരുന്നു എന്നുതന്നെ പറയാം. ഇന്നു പാറ്റ്നാ എന്നു വിളിക്കപ്പെടുന്ന പാടലീപുത്രമായിരുന്നു മൗര്യസാമ്രാജ്യത്തിന്റെ തലസ്ഥാനം.

ചന്ദ്രഗുപ്തമൗര്യന്റെ പുത്രനായ ബിന്ദുസാരന്റെ ശേഷം അശോകൻ രാജ്യഭാരമേറ്റു. ക്രിസ്തുവിനു മുൻപു 279-ാമാണ്ടിനും 272-ാമാണ്ടിനും മധ്യേയാണ് ഈ സംഭവം നടന്നതെന്നു മൊത്തത്തിൽ പറയാം.

ഒരു മഹാസാമ്രാജ്യത്തിന്റെ മുടിചൂടിയ മന്നൻ; പോരെങ്കിൽ ചെറുപ്പം. ഈ അവസ്ഥയിൽ അശോകൻ വിനോദരസികനും പ്രതാപിയുമായി കഴിഞ്ഞുകൂടാൻ ശ്രമിച്ചതിൽ അത്ഭുതമില്ല. യുദ്ധം, വേട്ട, ഘോഷം, പാട്ട്, ഇവയിലെല്ലാം അശോകനു ധാരാളം ഉത്സാഹമുണ്ടായിരുന്നു. രാജാക്കന്മാരായാൽ അവ ഒഴിച്ചുകൂടാൻ പാടില്ലെന്നായിരുന്നു അന്നത്തെ വിശ്വാസം.


ഗാന്ധാരം
അശോകന്റെ അനന്തരീയ ഭാരതം
ബ്രഹ്മപുത്രാനദി
ഗംഗാനദി
നർമ്മദാനദി
ഗോദാവരിനദി
കൃഷ്ണാനദി
കലിംഗം
70
80
90
10
20
30

അവരുടെ കണ്ണുനീരും, ബന്ധുക്കളും, സ്നേഹിതജനങ്ങളും എത്രമേൽ കണ്ണീർ കുടിച്ചിരിക്കണം! കഷ്ടം! കഷ്ടം! ഒരു രാജ്യം കീഴടക്കുമ്പോൾ എത്രയെത്ര ദുരിതങ്ങളാണു നാടാകെപ്പരക്കുന്നതു്! ചക്രവർത്തി ചിന്തിച്ചു. താൻ വരുത്തിക്കൂട്ടിയ വിനകളെപ്പറ്റി അദ്ദേഹം ദുഃഖിച്ചു. ഇല്ല, ഇനിയൊരിക്കലും താൻ യുദ്ധംചെയ്കയില്ല. ഒരു ജീവിക്കും ദുഃഖമുണ്ടാക്കുകയില്ല. സുഖമല്ലാതൊന്നും യാതൊരു ജീവിയും കൊതിക്കുന്നില്ല. ഈ സ്ഥിതിയിൽ, അതിനു വേദന നൽകുന്നതിലേറെ മഹാപാപമെന്തുള്ളു? അഹോ, അതോക്കെക്കൂടിവയ്യ. അശോകനുമതിയായി; യുദ്ധവും പ്രതാപവുമെല്ലാം മതിയായി!

അക്കാലത്തു വടക്കെ ഇന്ത്യയിൽ ബുദ്ധമതം ഒട്ടൊക്കെപ്രചരിച്ചിരുന്നു. യാതൊരു ജീവിക്കുംയാതൊരു അസുഖവും നൽകരുതെന്നുള്ള മഹത്തായ അഹിംസാപാഠം ഉപദേശിച്ച ശ്രീ ബുദ്ധന്റെ മതമാണു് ബുദ്ധമതം. സത്യം, അഹിംസ, തന്നടക്കം, ജീവകാരുണ്യം എന്നിവ അതിലെ മുഖ്യ പാഠങ്ങളാണു്. യുദ്ധത്തിലെ ഘോരതകളാൽ മനമുരുകിയ അശോകൻ ധർമ്മത്തിനിരിപ്പിടമായ ബുദ്ധമതത്തിലേയ്ക്കു തിരിഞ്ഞു. ഒരു കൊല്ലത്തിനകം അദ്ദേഹം നല്ല ഒരു ബുദ്ധമതക്കാരനായി. അതോടെ അദ്ദേഹം ധർമ്മത്തെ ഒരു വ്രതമായി സ്വീകരിച്ചു. പ്രജകളെ ധർമ്മവ്രതരാക്കാൻ രാപകൽ പണിപ്പെടുകയുംചെയ്തു. ഇപ്രകാരം കലിംഗയുദ്ധത്തിനുശേഷമുള്ള അശോകനെ നാം ധർമ്മചക്രവർത്തിയായിട്ടാണു് കാണുന്നതു്.



# IV

# ധാർമ്മികചക്രവർത്തി

ഭൽഹനേമി എന്ന രാജാവിന്റെ കൊട്ടാരത്തിനു മുകളിലുള്ള ആകാശത്തിൽ തെളുതെളെ തിളങ്ങുന്ന ഒരു ദിവ്യചക്രം കറങ്ങിക്കൊണ്ടിരുന്നു. ഇങ്ങനെ ഏറെക്കാലം കഴിഞ്ഞപ്പോൾ അതു് ഒരു വശത്തേക്കു താഴാൻ തുടങ്ങി. ധർമ്മചക്രമാണതു്. അതുമേറെ തിളങ്ങാൻ അതിനു സാധിച്ചതു് ധർമ്മമായതുകൊണ്ടാണു്. എന്തെന്നാൽ ധർമ്മത്തിനു് പ്രകാശമുണ്ടെന്നാണു സങ്കല്പം. പക്ഷെ അതു താഴാൻ തുടങ്ങിയതു് എന്തുകൊണ്ടായിരിക്കാം.? ധർമ്മം അസ്തമിക്കാൻ പോകുന്നതുകൊണ്ടുതന്നെ. ഭൽഹനേമി ഇതുകണ്ടപ്പോൾ തന്റെ രാജ്യത്തിൽ ധർമ്മം നശിക്കാൻപോകുന്നു എന്നു മനസ്സിലാക്കി. ഉടനെ അദ്ദേഹം രാജ്യം പുത്രനെ ഏല്പിച്ചിട്ടു് തപസ്സിനായി കാട്ടിലേയ്ക്കു യാത്രയായി. എന്നാൽ ഏഴാംദിവസം ആ ദിവ്യചക്രം പാടേ മറഞ്ഞു. രാജകുമാരൻ ദുഃഖവും ഭയവുംമൂലം കാട്ടിൽചെന്നു പിതാവിനെ വിവരമറിയിച്ചു. "വത്സാ, നീ സകല ജീവികളേയും സ്നേഹിച്ചു രക്ഷിക്കുക" എന്നായിരുന്നു പിതാവിന്റെ മറുപടി. രാജകുമാരൻ തൃപ്തനായി മടങ്ങിയെത്തി ആ ഉപദേശമനുസരിച്ചു രാജ്യംഭരിച്ചു. അപ്പോൾ ആ ചക്രം വീണ്ടും ആകാശത്തിൽ ഉദിച്ചുയർന്നുപ്രകാശിച്ചുതുടങ്ങി.

അശോകൻ ഈ കഥ വായിച്ചുമനസ്സിലാക്കിയിരുന്നിരിക്കണമെന്നു ചിലർ വിചാരിക്കുന്നു. എന്തെന്നാൽ സകല ജീവികളെയും സ്നേഹിച്ചു രക്ഷിക്കാനായിരുന്നു

അദ്ദേഹത്തിന്റെ ഉദ്യമം. സമാജത്തിനുവേണ്ടി ദിവസംപ്രതി അനേകായിരം മിണ്ടാപ്രാണികളെ കൊല്ലുന്ന പതിവ് അദ്ദേഹം നിറുത്തിച്ചെയ്തു. അദ്ദേഹം തന്നെയും മാംസഭക്ഷണം ഉപേക്ഷിച്ചു. നായാട്ടു വേണ്ടെന്നുവച്ചു. മനുഷ്യർക്കും മൃഗങ്ങൾക്കും ആസ്പത്രികൾ സ്ഥാപിച്ചു. ഒരിടത്തു മരുന്നുചെടികൾ ഇല്ലെങ്കിൽ ഉള്ള സ്ഥലത്തുനിന്നു അവ എത്തിച്ചുകൊടുക്കുകയായി. താൻ വഴിനീളെ ചാലമരങ്ങൾ വച്ചുപിടിപ്പിക്കുന്നതും, കിണറുകൾ കുളം, എന്നിവ കുഴിപ്പിക്കുന്നതും മനുഷ്യർക്കും മൃഗങ്ങൾക്കും വേണ്ടിയാണെന്നു് അശോകൻ പറയുന്നു.

ഭിക്ഷകൊടുക്കുന്നതിൽ ചക്രവർത്തിക്കു് ഒരിക്കലുമില്ല മുഷിവു്. ഒരവസരത്തിൽ അറുപതിനായിരംപേർക്കു് സ്വർണ്ണം ഉരുപ്പെടെ പലതും അദ്ദേഹം ദാനംചെയ്തു. റാണിമാരും ദാനംകൊടുക്കണമെന്നായിരുന്ന അശോകന്റെ കല്പന.

കൊല്ലംതോറും തന്റെ തിരുനാൾദിവസം ജയിൽപുള്ളികളെ വിട്ടയയ്ക്കുന്ന പതിവു് അദ്ദേഹം ഏർപ്പെടുത്തി. ചുരുക്കത്തിൽ അദ്ദേഹം മനുഷ്യരെ സ്നേഹിച്ചു; ഒപ്പം മറ്റു ജീവികളെയും സ്നേഹിച്ചു. ഈ അതിരില്ലാത്ത ജീവകാരുണ്യം അശോകനെ ഒരു ധാർമ്മികചക്രവർത്തിയാക്കി. "ദേവന്മാർക്കു പ്രിയപ്പെട്ടവൻ" എന്ന പേരു് അദ്ദേഹംതന്നെ സ്വീകരിച്ചിരുന്നു. വാസ്തവത്തിൽ അശോകൻ മഹാധാർമ്മികനും അങ്ങനെ ദേവന്മാർക്കു് അത്യന്തം പ്രിയപ്പെട്ടവനുമായിരുന്നു എന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല.

# V

## പ്രചാരവേല

നല്ലവരായ മനുഷ്യർ മരിച്ചാൽ സ്വർഗ്ഗത്തിൽപോയി ആനന്ദത്തിൽകിടന്നു് പുളയ്ക്കുമെന്നും ചീത്തയായ മനുഷ്യർ മരിച്ചാലോ? അവർ തീർച്ചയായും നരകത്തിൽതന്നെ. അവിടെക്കിടന്നു വളരെക്കാലം നരകിക്കുമെന്നാണു് അവരുടെ വിധി. ഈ മാതിരി വിശ്വാസങ്ങൾ എല്ലാമതക്കാർക്കും ഉള്ളതാണു് ബുദ്ധമതക്കാർ വിശ്വസിക്കുന്ന സ്വർഗ്ഗത്തിൽ സർവ്വപ്രകാശമയമായിരിക്കും. തിളങ്ങുന്ന ദേവന്മാർ തിളങ്ങുന്ന മന്ദിരങ്ങൾ. തിളങ്ങുന്ന ആനകൾ, ഇതെല്ലാം സ്വർഗ്ഗത്തിൽ ഉണ്ടെന്നു അവർ പഠിപ്പിച്ചു.

അശോകന്റെ കാലത്തു് ജീവിച്ചിരുന്ന ഒരു ബുദ്ധമത സന്യാസിക്കു് സ്വർഗ്ഗത്തിലും നരകത്തിലും പോയി ചുറ്റിനടന്നിട്ടു് തിരിച്ചു ഭൂമിയിൽ വരാൻ കഴിയുമായിരുന്നു. സ്വർഗ്ഗത്തിലെ ആളുകളുടെ ആനന്ദത്തിനു കാരണമെന്തെന്നു ഒരിക്കൽ അദ്ദേഹം അവരോടു ചോദിച്ചു. ഭൂമിയിൽ നല്ലവരായി ജീവിച്ചതാണുകാരണമെന്നാണു്; അവർ നൽകിയ മറുപടി. ഉടൻ സന്യാസിനേരെ നരകത്തിലെത്തി അവിടത്തെ ആളുകളുടെ കൊടും വേദനകൾക്കു കാരണം ചോദിച്ചു മനസ്സിലാക്കി. അവർ നല്ലതൊന്നും ചെയ്തിട്ടില്ല. അതാണു തങ്ങളുടെ ദുരിതത്തിനു കാരണമെന്നു അവർ മറുപടി നൽകി. സന്യാസി അനന്തരം ഭൂമിയിൽ തിരിച്ചെത്തി സ്വർഗ്ഗ

ത്തിലെയും നരകത്തിലെയും വിശേഷങ്ങൾ പ്രസംഗിച്ചു. ഇതുകേട്ട് അനേകായിരംപേർ ബുദ്ധധർമ്മക്കാരായിത്തീർന്നു.

അശോകൻ ഈ സന്ന്യാസിയുടെ കഥ കേട്ടിരുന്നിരിക്കണമെന്നുതോന്നുന്നു. എന്തെന്നാൽ, സ്വർഗ്ഗത്തിലെ ആനന്ദകരമായ ജീവിതം, തിളങ്ങുന്ന ദേവന്മാർ, അനകം മുതലായ പലതും ചിത്രങ്ങളാക്കി ആളുകളെ കാണിക്കാൻ അദ്ദേഹം തയ്യാറായി. ഭൂമിയിൽ ധർമ്മംചെയ്താൽ സ്വർഗ്ഗത്തിൽ പോകാമെന്നും അവിടത്തെ ജീവിതം ആനന്ദകരമാണെന്നും ആളുകളെ ധരിപ്പിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശം. ഇപ്രകാരമുള്ള ധർമ്മപ്രചാരവേലകൊണ്ടു തന്റെ സാമ്രാജ്യത്തിൽ ധർമ്മത്തിനു വളരെ വളർച്ചയുണ്ടായെന്നു അശോകനു തോന്നിപ്പോയിരിക്കുന്നു.

ഇതുകൂടാതെ എല്ലാവരും കഴിയുന്നത്ര എല്ലാ മതങ്ങളും അറിഞ്ഞിരിക്കണമെന്നു ചക്രവർത്തി നിർബന്ധിച്ചു. പക്ഷേ ഒരുവൻ മറ്റുമതങ്ങളെ ശകാരിക്കാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. തന്റെ മതം മാത്രമാണു് നല്ലതെന്നു വിചാരിക്കുന്നവൻ വിഡ്ഢിയാണെന്നു് അദ്ദേഹം ജനങ്ങളെ ഓർമ്മപ്പെടുത്തി.


ധർമ്മം പ്രചരിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ മറ്റൊരു വഴി ഉദ്യോഗസ്ഥന്മാരെ നാട്ടിലെങ്ങും ധർമ്മം പ്രസംഗിക്കാൻ അയയ്ക്കുകയായിരുന്നു. അശോകൻതന്നെ രസത്തിനുവേണ്ടിയുള്ള പഴയ യാത്രകൾ നിർത്തി. പകരം അദ്ദേഹം ഓരോ സ്ഥലത്തും പോയി സ്വയം ധർമ്മം പ്രസംഗിക്കാൻതുടങ്ങി.

അതുകൊണ്ടുമായില്ല. തന്റെ അധികാരം നടക്കുന്ന സാമ്രാജ്യത്തിനുള്ളിൽമാത്രം ധർമ്മം പ്രചരിച്ചതു കൊണ്ടു തൃപ്തിപ്പെടുന്നയാളല്ല അശോകൻ. അയൽനാടുകളിലും ധർമ്മം പഠിക്കണം. അതിനു വേണ്ടി അദ്ദേഹം അന്യരാജ്യങ്ങളിലേയ്ക്കു ധർമ്മദൂതന്മാരെ അയയ്ക്കാൻ മുതിർന്നു. സിലോണിലേയ്ക്കു് അയച്ചതു് മഹേന്ദ്രൻ എന്ന രാജകുമാരനേയും സംഘമിത്ര എന്ന രാജകുമാരിയേയുമാണു്. അന്നു സുവർണ്ണഭൂമി എന്നു വിളിച്ചിരുന്ന ബർമ്മായിലേയ്ക്കു് അദ്ദേഹം മറ്റൊരു സംഘത്തെ അയച്ചു. എന്നു വേണ്ട, ഗ്രീസ്, ഈജിപ്ത്, പാലസ്റ്റൈൻ എന്നിങ്ങനെ വളരെ അകന്ന പടിഞ്ഞാറൻ രാജ്യങ്ങളിൽപോലും അശോകന്റെ ധർമ്മദൂതന്മാർ ബുദ്ധധർമ്മം പ്രസംഗിച്ചുനടന്നു. അന്നു അറിയപ്പെട്ടിരുന്ന രാജ്യങ്ങളിലെല്ലാം ഇങ്ങനെ ധർമ്മം പ്രചരിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചതു ഒരു അത്ഭുതമാണു്.

സാമ്രാജ്യത്തിനുള്ളിലും അതിർത്തികളിലുള്ള പ്രധാനസ്ഥാനങ്ങളിലെല്ലാം കരിങ്കൽത്തൂണുകളും, പാറകളും, ഗുഹകളും എന്നിവയിൽ ധർമ്മപാഠങ്ങളും ഉപദേശങ്ങളും കൊത്തിവച്ചിരുന്നു. രണ്ടായിരത്തിലധികം വർഷങ്ങളായി അവ ആ പാഠങ്ങളുമായി അങ്ങനെ നിൽക്കുന്നു. നോക്കണം! തന്റെകാലത്തുള്ളവർക്കു മാത്രമല്ല, പിൽക്കാലത്തുള്ളവർക്കുംകൂടി ഉപകാരപ്പെടണമെന്നു കരുതിയാണു ഒരിക്കലും അഴിവില്ലാതെ ശേഷിക്കു

ത്തക്കവിധം ചക്രവർത്തി അവ കരിങ്കല്ലിൽ കൊത്തിച്ചതു്! ടെയിനും ലോറിയും ഒന്നുമില്ലാത്ത അക്കാലത്തു് നാല്പതും അൻപതും അടി നീളമുള്ള കരിങ്കൽത്തൂണുകൾ വളരെ അകലമുള്ള സ്ഥലങ്ങളിലെത്തിച്ചതും, പൊക്കി നെട്ടനെ നിർത്തിയതും മറ്റും ഇന്നുള്ളവരെപ്പോലും അമ്പരപ്പിക്കുന്ന അത്ഭുതകർമ്മങ്ങളാണു്.

ധർമ്മത്തിനുവേണ്ടി ഉഴിഞ്ഞുവച്ചതാണു് അശോകന്റെ ജീവിതം. അതിനുവേണ്ടി എന്തു ബുദ്ധിമുട്ടു സഹിക്കാനും അദ്ദേഹം തയാറായിരുന്നു എന്നാണു് ഈ അൽഭുതകർമ്മങ്ങളിൽ നിന്നുകൊണ്ടു നമുക്കു മനസ്സിലാകുന്നതു്.



# VI

## ഭരണസ്വഭാവം

ഇപ്രകാരം ധർമ്മത്തിൽതന്നെ മുഴുകിയിരുന്ന ഒരു ചക്രവർത്തി പ്രജകളെ എങ്ങനെ രക്ഷിക്കുമെന്നു നമുക്ക് ഏതാണ്ടു ഊഹിക്കാൻകഴിയും. അശോകൻ തന്നെ പറയുന്നു പ്രജകൾ തന്റെ പുത്രന്മാരാണെന്ന്. ഒരു അച്ഛൻ മക്കളെ എങ്ങനെ സ്നേഹിക്കുമോ അതുപോലെയാണ് അശോകൻ പ്രജകളെ സ്നേഹിച്ചിരുന്നതു്. അതേരീതിയിൽതന്നെ അദ്ദേഹം അവരെ രക്ഷിക്കുകയും ചെയ്തുവന്നു.

മഹാരാജാക്കന്മാരെ കാണാൻ അനുഗ്രഹിക്കുന്ന പ്രജകൾ നേരത്തെ അതിനു അനുവാദം വാങ്ങിയിരിക്കണമെന്നാണു നിയമം. എന്നും എല്ലായിടത്തും ഇതാണു പതിവു്. പക്ഷെ അശോകനെ ആർക്കും എവിടെവച്ചും ശല്യപ്പെടുത്താതെകണ്ടു നേരിട്ടു സങ്കടം ബോധിപ്പിക്കാമായിരുന്നു. ഇങ്ങനെയൊരു സൗകര്യം മുൻപു് മറ്റൊരു രാജാവും അനുവദിച്ചിരുന്നില്ലെന്നു അശോകൻതന്നെ വെളിപ്പെടുത്തുന്നുമുണ്ട്.

കൂടാതെ, പ്രജകളുടെ ക്ഷേമത്തെപ്പറ്റി അന്വേഷിച്ചു തന്നെ അറിയിക്കാൻ ചക്രവർത്തി പ്രത്യേകം ആളുകളെയും നിയമിച്ചിരുന്നു. ഇവരെ പ്രതിവേദകന്മാർ എന്നാണു വിളിച്ചുവന്നതു്. ഒരു ശിലാരേഖയിൽ ചക്രവർത്തി പറയുന്നു: "ഞാൻ അമ്പതേറ്റു കുഴിച്ചുകൊണ്ടിരുന്നാലും, റാണിമാരുടെ ഉള്ളറകളിലായിരു

ന്നാലും, കുതിരപ്പുറത്തായിരുന്നാലും പ്രതിവേദകന്മാർക്ക് എന്റെ മുൻപിൽ ഹാജരായി പ്രജകളുടെ കാര്യങ്ങളും ബോധിപ്പിക്കാം."

റാണിമാരുടെ കൂടെ ഉള്ളറകളിലിരിക്കുമ്പോൾ ഒരു രാജാവും ആരുംതന്നെ തന്റെ മുൻപിൽ പ്രവേശനം അനുവദിക്കുകയില്ല. അശോകനാകട്ടെ, അങ്ങനെയൊരു പ്രത്യേകതയില്ലായിരുന്നു. അദ്ദേഹം തന്നെ നാടുചുറ്റി പ്രജാക്ഷേമങ്ങളും നേരിട്ടു അന്വേഷിച്ചിരുന്നു, എന്നു നാം കണ്ടു. അതുകൂടാതെ ചില വൻപിച്ച ഉദ്യോഗസ്ഥന്മാർ അഞ്ചുകൊല്ലത്തിലൊരിക്കൽ ഇങ്ങനെ ചുറ്റിസ്സഞ്ചരിച്ചു അന്വേഷണം നടത്തിക്കൊള്ളണമെന്നുകൂടി അദ്ദേഹം ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

ഉദ്യോഗസ്ഥന്മാർ നീതി പ്രവർത്തിക്കേണ്ടവരാണ്. പക്ഷെ എല്ലാ ഉദ്യോഗസ്ഥന്മാരും നീതിതന്നെ പ്രവർത്തിച്ചെന്നവരികയില്ല. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിക്കാൻ അശോകൻ പ്രത്യേകം ചിലരെ നിയമിച്ചിരുന്നു. ഒരവസരത്തിൽ ചില തെറ്റുകാരായ ഉദ്യോഗസ്ഥന്മാരെ ഇപ്രകാരം കണ്ടുപിടിച്ചു ചക്രവർത്തി അതികഠിനമായി ശാസിക്കയുണ്ടായി. യാതൊരു ജീവിക്കും സങ്കടമുണ്ടാകരുതെന്നു നിശ്ചയിച്ചിരുന്ന അദ്ദേഹം തെറ്റുകാരെ ശിക്ഷിക്കാതിരുന്നില്ലെന്നു ഓർക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ജയിലുകളിൽ ശിക്ഷയേറ്റു പുള്ളികളും നിരവധിയുണ്ടായിരുന്നു. ചില മലവഴിക്കാർ ബഹളമുണ്ടാക്കിയപ്പോഴും, അവരെ ശിക്ഷിക്കാനുള്ള ശക്തി

തനിക്കുണ്ടെന്നോർത്തുകൊള്ളണമെന്നു ഒരു തരം നൽകാൻ അദ്ദേഹം മടിച്ചുതുമില്ല.

അച്ഛൻ മക്കൾക്കുവേണ്ട ഉപദേശങ്ങളും നൽകുക സാധാരണമാണു്. അശോകൻ തന്റെ പ്രജകൾക്കും ഉപദേശങ്ങളും നൽകിവന്നു. അദ്ദേഹത്തിന്റെ ശിലാരേഖകളും പലതും ഇത്തരം ഉപദേശങ്ങളും അടങ്ങിയവയാണു്. ഒരു ശിലാരേഖയിൽ അദ്ദേഹം പറയുന്നതു് ജനങ്ങളെ ധർമ്മമുള്ളവരാക്കത്തീർക്കാൻ താൻ ശ്രമിക്കുന്നുവെന്നാണു്. മറ്റൊന്നിൽ ഇങ്ങനെ അശോകൻ എഴുതിയിരിക്കുന്നു: "അമ്മയുള്ളകാലം, വിശേഷിച്ചു് സ്ത്രീകാലം, പൂജാദികർമ്മങ്ങളും ചെയ്യുന്നു. ഇതു മംഗളകരമാണു്. പക്ഷെ ധർമ്മം അനുഷ്ഠിക്കുക, അതാണു അതിലേറെ മംഗളകരമായിട്ടുള്ളതു്." ഈ മംഗളത്തിനു അശോകൻ പറയുന്ന പേരു "ധർമ്മമംഗള"മെന്നാണു്.

ധർമ്മമംഗളമെന്നു അശോകൻ കരുതുന്നതു് എന്താണെന്നു അദ്ദേഹം വേറൊരു ശിലാരേഖയിൽ വെളിപ്പെടുത്തുന്നുണ്ടു. അതിങ്ങനെയാണു്:—"അച്ഛനമ്മമാരെ അനുസരിക്കുക, ഭാര്യാപുത്രാദികളെ രക്ഷിക്കുക, ദാനം കൊടുക്കുക, ബന്ധുജനങ്ങളെ പുലർത്തുക, പാപം ചെയ്യാതിരിക്കുക"

വേറും പൂജകളും വഴിപാടുകളും പോര. അമ്മയുള്ളകാലം നല്ലവരാകണം. നാടിനും, സമുദായത്തിനും സുഖവും മംഗളവും കൈവരുന്നതു ജനങ്ങളുടെ ശീലഗുണംകൊ

ണ്ടാണ്. ഇതു നല്ലവണ്ണം അറിഞ്ഞുകൊണ്ടുള്ള ഉപ
ദേശങ്ങളാണ് അശോകൻ നൽകിയിട്ടുള്ളതു്.

മനുഷ്യരെ നന്നാക്കാൻ കഴിയുമാ എന്നുള്ള
താണ് ഇവിടത്തെ ഒരു സംശയം. പക്ഷെ അശോ
കനു അങ്ങനെയൊരു സംശയമില്ലായിരുന്നു. കലിംഗ
യുദ്ധത്തിനുശേഷം അദ്ദേഹത്തിന്റെ സ്വഭാവം
വളരെ നന്നായി. എല്ലാവരുടെ കൃത്യത്തിലും ഈ
മാറ്റം ഉണ്ടാകുമെന്നു സ്വന്തം അനുഭവത്തിൽനിന്നു
അദ്ദേഹം കണ്ടുപിടിച്ചു. മനുഷ്യരുടെയെല്ലാം സ്വഭാ
വപരിഷ്ക്കാരം സാധിക്കുമെന്നു അദ്ദേഹം ബലമായി
വിശ്വസിച്ചു. അതിനുവേണ്ടി ഒരു ചക്രവർത്തിക്കു
ആവുന്നിടത്തോളം പ്രയത്നിച്ചു. എന്നല്ല, അതു
തന്നെയാണ് തന്റെ ജീവിതത്തിന്റെ ഉദ്ദേശമെന്നു
അദ്ദേഹം തീരുമാനിക്കയും ചെയ്തു. തന്നിമിത്തം
പ്രജകളുടെ സ്വഭാവഗുണത്തിനുവേണ്ടി തന്റെ
സകല ശക്തികളും അശോകൻ പ്രയോഗിച്ചു. മറ്റു
രാജാക്കന്മാരും അശോകനും തമ്മിലുള്ള മഹത്തായ
വ്യത്യാസം ഇതാണ്.

# VII

## അശോകസന്ദേശം

അശോകന്റെ ധർമ്മം. അതനുസരിച്ചുള്ള ഭരണം മുതലായ വയെപ്പറ്റി ഇതിനകം നാം ചിലതൊക്കെ മനസ്സിലാക്കി. പക്ഷെ അദ്ദേഹത്തിന്റെ അറിവിനെപറ്റി നാം ശ്രദ്ധിക്കാനിടയായില്ല. ആ അറിവു അദ്ദേഹം പ്രയോഗിച്ചതെങ്ങനെയെന്നു നാം അല്പമൊക്കെക്കണ്ടുകഴിഞ്ഞു. അതുകൊണ്ട് ഇന്നത്തെ ലോകത്തിനു അദ്ദേഹത്തിൽനിന്നു എന്തെങ്കിലും പാഠം ലഭിക്കാനുണ്ടോ? അഥവാ അദ്ദേഹം ഇന്നത്തെ രാജ്യങ്ങൾക്കും ജനങ്ങൾക്കും നൽകുന്ന സന്ദേശമെന്താണ്? ഇതിനേപ്പറ്റിയും ഇതുവരെ നാം ഒന്നും ചിന്തിക്കാനിടയായില്ല.

തന്റെ കാലത്തെ മിക്ക മതങ്ങളെപ്പറ്റിയും അശോകനു അടുത്തെത്ത അറിവുണ്ടായിരുന്നു. എല്ലാ മതങ്ങളെപ്പറ്റിയും എല്ലാവരും അറിയേണ്ടതാണെന്നു അദ്ദേഹം ഉപദേശിച്ചതുനോക്കുക. ചക്രവർത്തിതന്നെയും മറ്റു മതക്കാരുമായി തർക്കിച്ചു അവരുടെ മതങ്ങളുടെയെല്ലാം സാരം ഗ്രഹിക്കാൻ ശ്രമിച്ചിരുന്നു. സ്വന്തമതം മാത്രം നല്ല മതമാണെന്നു വിചാരിക്കുന്നവൻ വിഡ്ഢിയാണെന്നുള്ള അദ്ദേഹത്തിന്റെ വചനം തന്നെയും അതിനു മുൻപുള്ള ഒരു ഗ്രന്ഥത്തിൽ അടങ്ങിയതാണ്. അധികം പണം സമ്പാദിക്കയോ വളരെ ചെലവാക്കുകയോ ചെയ്യരുതെന്നും

അശോകൻ ഉപദേശിച്ചിരുന്നു. അദ്ദേഹത്തിനു മുൻപു് കൗടില്യൻ തന്റെ അർത്ഥശാസ്ത്രത്തിൽ ഇതേ തത്വംതന്നെ വെളിപ്പെടുത്തിയിട്ടുണ്ടു്. തന്റെ ധർമ്മപ്രവൃത്തികളും പലതും പണ്ടുള്ള രാജാക്കന്മാർ ചെയ്തിട്ടുള്ളവയാണെന്നു അശോകൻ തുറന്നുപറഞ്ഞിരിക്കുന്നു. മതഗ്രന്ഥങ്ങളും, ശാസ്ത്രഗ്രന്ഥങ്ങളും അദ്ദേഹം പരിചയിച്ചിരുന്നു എന്നു തീർത്തുപറയാം. അതിനും പുറമേ അദ്ദേഹം പഴയ രാജാക്കന്മാരുടെ ചരിത്രങ്ങളും കൂടി മനസ്സിലാക്കിയിരുന്നു എന്നാണു കാണുന്നതു്. അത്രതന്നെയുമല്ല, ഗ്രീസ്, ഈജിപ്തു് തുടങ്ങിയ അതിവിദൂരദേശങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പരിജ്ഞാനം അത്ര നിസ്സാരമായിരുന്നിരിക്കാൻ ഇടയുമില്ല.

ഈ വക വിവിധ ദേശങ്ങളിലേയ്ക്കു് ആരംഭേതര കാരേയും ധർമ്മദൂതന്മാരേയും അയച്ചതുകൊണ്ടു എന്താണു സംഭവിച്ചതു്? ഒന്നാമതായി, അന്നു വടക്കേ ഇന്ത്യയിൽ മാത്രം നിലവിലിരുന്ന ബുദ്ധധർമ്മം അന്നറിയപ്പെട്ട ലോകത്തിൽ ആകെ പടർന്നുപിടിച്ചു. നമ്മുടെ കേരളവും ഒരുകാലത്തു് ഇങ്ങനെ ബുദ്ധമതക്കാരെക്കൊണ്ടു് നിറഞ്ഞിരുന്ന പ്രദേശമാണു്. കാലക്രമത്തിൽ ആ മതം അതിന്റെ സ്വദേശമായ ഇന്ത്യയിൽത്തന്നെ കാണാതായി. എങ്കിലും അശോകൻ പ്രചരിപ്പിച്ച അഹിംസാപാഠം ഭാരതത്തിന്റെ സ്വന്തസമ്പത്തായിത്തന്നെ ഇന്നും ശേഷിക്കുന്നുണ്ടു. മതം പോയാലെന്തു്? അതിന്റെ കാതലായ പാഠം

പോയിട്ടില്ല. ഇങ്ങനെ അതിനു ഇവിടെ ഒരു ഉറച്ച നില നൽകിയതു് അശോകനാണെന്നുള്ളതിൽ സംശയമില്ല. അതുപോലെതന്നെ ഒരു ചെറിയ വടക്കേ ഇന്ത്യൻ മതമായ ബുദ്ധമതത്തെ ഇന്ത്യയുടെ വെളിയിൽ പ്രചരിപ്പിച്ചു് അതിനെ ലോകത്തിലെ ഒരു മഹാമതമാക്കിത്തീർത്തതും മറ്റാരുമല്ല.

പൊതുവേ ചക്രവർത്തിമാരെല്ലാം യുദ്ധം കൊതിക്കുന്നവരാണു്. അശോകനും ഒരു മഹായുദ്ധം നടത്തി. പക്ഷേ ലോകം കീഴടക്കത്തക്ക ഒരു മഹാസൈന്യം ഉണ്ടായിരുന്നിട്ടും പിന്നീടു് അദ്ദേഹം എന്നേയ്ക്കുമായി യുദ്ധത്തിൽനിന്നു പിന്മാറുകയാണു ചെയ്തതു്. യുദ്ധം കൊണ്ടു ലോകത്തെ നശിപ്പിക്കുകയല്ല, ധർമ്മംകൊണ്ടു് സമാധാനം വളർത്തുകയാണു വേണ്ടതെന്നു കണ്ട ഒരു ഒറച്ചക്രവർത്തി അശോകനാണു്.

അദ്ദേഹം ഇന്നത്തെ ലോകത്തിനു നൽകുന്ന പാഠവും ഇതുതന്നെയായിരിക്കണം. യുദ്ധവും, ഭീതിയും, പട്ടിണിയും ലോകത്തെ തകർത്തു തരിപ്പണമാക്കിയിരിക്കുന്നു. ശാന്തിയും സമാധാനവും ലോകത്തിൽനിന്നു എവിടെയോ ഓടിയൊളിച്ചിരിക്കുന്നു. എവിടെയാണു രക്ഷ, എന്നു ലോകം അമ്പരന്നു ചുറ്റുപാടും നോക്കുന്നു. അങ്ങനെ നോക്കുമ്പോൾ കാണുന്നതു ഇന്ത്യയെയാണു്. അശോക സന്ദേശം ഉണ്ടായിനാലുവഴിക്കും പൊട്ടിപ്പുറപ്പെട്ടതു് ഇന്ത്യയിൽനിന്നാണു് തന്റെ വൻപിച്ച സൈന്യത്തെ യുദ്ധത്തിനു ഉപയോഗിക്കാതെ കാലക്രമത്തിൽ ക്ഷയി

പ്പിച്ചുകളഞ്ഞ ചക്രവർത്തിയാണ് അശോകൻ. ഇന്നു ലോകത്തിലെ രാജ്യങ്ങളിൽ സൈന്യബലം ക്ഷയിപ്പിക്കണമെന്നു ഒരു അഭിപ്രായം ഉൽഭവിച്ചിരിക്കുന്നതു നോക്കുക. അതനുസരിച്ചു ലോകരാജ്യങ്ങൾ സൈന്യം കുടാതെ കഴിക്കാൻ ഇനിയും വളരെക്കാലം വേണ്ടിവരുന്നേക്കാം. എങ്കിലും ഒടുവിൽ അക്കാലംവരുമ്പോൾ അശോകധർമ്മം ജയിച്ചെന്നു ചരിത്രം രേഖപ്പെടുത്താതിരിക്കയില്ല. രണ്ടായിരം വർഷത്തിനു മുൻപു് അദ്ദേഹം പഠിപ്പിച്ച പാഠത്തിന്റെ അനുഭവമാണു് ഇന്നത്തെ ഭാരതത്തിന്റെ അശോകചക്രം. ബുദ്ധന്റെ മിയുടെ ധർമ്മചക്രം വീണ്ടും ഉദിച്ചുയരുപോലെ ഇതാ അശോകചക്രം വീണ്ടും ലോകത്തിൽ ഉദിച്ചിരിക്കുന്നു. അശോകസന്ദേശം ഇതാ വീണ്ടും ഇന്ത്യയിൽ ഉയിർക്കൊണ്ടിരിക്കുന്നു ധർമ്മാത്മാവായ ആ ചക്രവർത്തി ക്രിസ്തുവിനു മുൻപു് 232–ാംവർഷത്തിൽ ദിവംഗതനായി. അദ്ദേഹത്തിന്റെ ചക്രത്തിൻ കീഴിൽ ലോകത്തിൽ ധർമ്മം ഉദിക്കട്ടെ! സമാധാനം പുലരട്ടെ! ശാന്തി വളരട്ടെ!!!

---

BAN

## ബാലസാഹിത്യവും' 'സാമാന്യവിജ്ഞാനവും' ഗ്രന്ഥാവലി

| | | | ക്ര | ണ | സ |
|---|---|---|---|---|---|
| | **ബാലസാഹിത്യം: ഒന്നാം സോപാനം** | | | | |
| 1 | ബുദ്ധൻ | എൻ. ഗോപാലപിള്ള | 0 | 2 | 0 |
| 2 | വടക്കൻപാട്ടിലെ വീര കഥകളം | ജി. ശങ്കരക്കുറുപ്പ് | 0 | 2 | 0 |
| 3 | നമ്മുടെ ഇൻഡ്യാ | മാതൃഭൂമി കഴുത്തേലി | 0 | 2 | 0 |
| 4 | ഹിമവാന്റെ പുത്രികളം | പൊലോപ്പിള്ളിൽ | 0 | 2 | 0 |
| | **രണ്ടാം സോപാനം** | | | | |
| 5 | അശോകൻ | പി. ഭാസ്കരൻപിള്ള | 0 | 2 | 0 |
| 6 | പഞ്ചതന്ത്ര കഥകളം | അമ്പാടി കാർത്ത്യായനിഅമ്മ | 0 | 2 | 0 |
| 7 | ഇംഗ്ലീഷുകാർ | എം. രാമകൃഷ്ണൻ നായർ | 0 | 2 | 0 |
| 8 | ഞാൻ കണ്ട ഡെൽഹി | ജി. ശങ്കരപ്പിള്ള | 0 | 2 | 0 |
| | **മൂന്നാം സോപാനം** | | | | |
| 9 | മഹാത്മാ ഗാന്ധി | എൻ. മാധവി | 0 | 2 | 0 |
| 10 | ജാതകകഥകളം | വെണ്ണിക്കുളം | 0 | 2 | 0 |
| 11 | ചൈന | കെ. മഹമ്മദലി | 0 | 2 | 0 |
| 12 | ശാസ്ത്രപ്രാഥമികൾ | ഡോക്ടർ ഭാസ്കരൻനായർ | 0 | 2 | 0 |
| | **നാലാം സോപാനം** | | | | |
| 13 | ഭാരതം | എം. പി. അപ്പൻ | 0 | 2 | 6 |
| 14 | വീരചരിതകഥകളം I | കെ. എം. ജോർജ്ജ് | 0 | 2 | 6 |
| 15 | അപ്പൻ | ജി. രാമനാഥയ്യർ | 0 | 2 | 6 |
| 16 | പള്ളിവാസൽ പദ്ധതി | കെ. സി. ചാക്കോ | 0 | 2 | 6 |
| | **അഞ്ചാം സോപാനം** | | | | |
| 17 | ശ്രീശങ്കരാചാര്യർ | തുരുനാട്ട് കുഞ്ഞൻപിള്ള | 0 | 2 | 6 |
| 18 | ക്ഷേമസോപാനം | കെ.എസ്സ്. ലക്ഷ്മണപ്പണിക്കർ | 0 | 2 | 6 |
| 19 | വീരചരിതകഥകളം II | വെള്ളാട്ടുകരുണാകരൻനായർ | 0 | 2 | 6 |
| 20 | അമേരിക്ക | പി. വി. ഉലഹന്നാൻമാപ്പിള | 0 | 2 | 6 |
| | **സാമാന്യവിജ്ഞാനം** | | | | |
| 21 | കേരളത്തിലെ നാടോടിപ്പാട്ടുകളം | സി. ഗോപാലപിള്ള | 0 | 2 | 6 |
| 22 | അധുനകൃഷിസമ്പ്രദായം | കെ. എസ്സ്. നീലകണ്ഠൻ | 0 | 2 | 6 |
| 23 | ആരോഗ്യചര്യ | ഡോക്ടർ സി. ജെ. കരുണാകരൻ | 0 | 2 | |
| 24 | സാധാരണ സഖക്കേടുകളം | ഡോക്ടർ മഹമ്മദലി | 0 | 2 | 6 |
| 25 | പരോപകാരവും ചുമതലകളം | എൽ. എ. പൈലി | 0 | 2 | 6 |

COVER PRINTED AT THE GOVERNMENT CENTRAL PRESS, TRIVANDRUM.